അന്തരിച്ചു

മാധവി അമ്മ

കാഞ്ഞങ്ങാട്: പുല്ലൂരിലെ നെല്ലിയോടൻ വീട്ടിൽ മാധവി അമ്മ (83) അന്തരിച്ചു. മക്കൾ: സരോജിനി, ഉണ്ണികൃഷ്ണൻ നമ്പ്യാർ, സുരേശൻ (വിമുക്തഭടൻ) മരുമക്കൾ: പി. കമ്മാരൻ നായർ (റിട്ട. മാനേജർ, കേരള ഗ്രാമീൺ ബാങ്ക്) സുനന്ദ, ബീന മണി.സഹോദരങ്ങൾ: ബാലകൃഷ്ണൻ നമ്പ്യാർ, ദേവകി, പരേതരായ രാഘവൻ നമ്പ്യാർ, നാരായണൻ നമ്പ്യാർ.

ഈശ്വര

നായ്ക്കാപ്പ്: മുളിയടുക്കയിലെ ഈശ്വര (57) അന്തരിച്ചു. കൂലിപ്പണിക്കാരനാണ്. ഒരു വർഷമായി കിഡ്നി സംബന്ധമായ രോഗത്തിനു ചികിത്സയിലാണ്. ഭാര്യ: പരേതയായ ലക്ഷ്മി. മക്കൾ: ശാലിനി, ശ്യാംഭവി, ശരത്, ശരണ്യ, മരുമകൻ: സത്യരാജ്. സഹോദരങ്ങൾ: സുശീല, കമല, വസന്തി, ആനന്ദ, കൃഷ്ണ.

പി ജനാർദ്ദനൻ

കാഞ്ഞങ്ങാട്: മുൻ പ്രവാസിയും കാഞ്ഞങ്ങാട്ടെ ഓട്ടോ ഡ്രൈവറുമായിരുന്ന അതിയാമ്പൂർ വീണാനിലയത്തിലെ പി ജനാർദ്ദനൻ (62) അന്തരിച്ചു. ഹൃദയ സംബന്ധമായ അസുഖത്തിനു ചികിത്സയിലായിരുന്നു.

ഭാര്യ: എം അനിത, മക്കൾ: എം വീണ, എം വിനീഷ്. മരുമക്കൾ: ടി വി രമേശൻ, സി ചൈതന്യ, സഹോദരങ്ങൾ: കമലാക്ഷൻ, ഗംഗാധരൻ, കലാവതി.

രാഘവൻ

അടുക്കത്ത് ബയൽ :കോട്ടവളപ്പിലെ പരേതനായ എസ് ആർ രാഘവൻ എന്നവരുടെ മകൻ ചന്ദ്രൻഎസ് ആർ ബാംഗ്ലൂരിൽ വച്ച് അന്തരിച്ചു. കാസർകോട് യുവജന സംഘം ഭാരവാഹിയായിരുന്നു. നിര്യാണത്തിൽ യുവജനസംഘം അനുശോചിച്ചു.

വൃദ്ധ തൂങ്ങി മരിച്ച നിലയിൽ

കാഞ്ഞങ്ങാട്: 95 കാരിയെ വീട്ടിനകത്തു തൂങ്ങി മരിച്ച നിലയിൽ കണ്ടെത്തി. മടിക്കൈ, നൂഞ്ഞിയിലെ പരേതനായ കണ്ണന്റെ ഭാര്യ അത്തിക്കൽ തമ്പായി അമ്മ (95)യാണ് മരിച്ചത്. മൃതദേഹം പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയിലേയ്ക്ക് മാറ്റി. മക്കൾ: വേലായുധൻ, ബാലകൃഷ്ണൻ(ഇരുവരും ഗൾഫ്), ശശി കുമാർ, ഭാനുമതി, ശോഭന.

സി പി എം, സി പി ഐ, ബി ജെ പി നേതൃയോഗങ്ങൾ തുടങ്ങി

തിരു/കൊച്ചി: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പും നിലവിലെ രാഷ്ട്രീയ സാഹചര്യങ്ങളും ചർച്ച ചെയ്യുന്നതിനായി മായി സി പി എം , സി പി ഐ, ബി ജെ പി നേതൃയോഗങ്ങൾക്കു തുടക്കമായി.

എ വിജയ രാഘവൻ സംസ്ഥാന സെക്രട്ടറിയായ ശേഷം ഇതാദ്യമായാണ് സി പിഎ മ്മിന്റെ സംസ്ഥാന സെക്രട്ടറിയേറ്റ് യോഗം ചേരുന്നത്. വിവിധ കേസുകളിലെ കേന്ദ്ര ഏജൻസികളുടെ അന്വേഷണം, പഞ്ചായത്ത് തെരഞ്ഞെടുപ്പ്, പുതിയ ഇടതു മുന്നണി കൺവീനർ എന്നീ വിഷയങ്ങളാണ് ചർച്ചാവിഷയങ്ങൾ. സി പി ഐ നേതൃയോഗം സംസ്ഥാന സെക്രട്ടറി കാനത്തിന്റെ സാന്നിധ്യത്തിലാണ് ആരംഭിച്ചത്. പഞ്ചായത്ത് തെരഞ്ഞെടുപ്പാണ് പ്രധാന വിഷയം.

ബി ജെ പി സംസ്ഥാന നിർവ്വാഹക സമിതി യോഗം എറണാകുളത്ത് തുടങ്ങി. പഞ്ചായത്ത് തെരഞ്ഞെടുപ്പാണ് പ്രധാന അജണ്ടയെന്ന് പ്രസിഡന്റ് കെ സുരേന്ദ്രൻ പറഞ്ഞു.

അതേ സമയം മുതിർന്ന നേതാവായ ശോഭാ സുരേന്ദ്രൻ യോഗത്തിൽ പങ്കെടുക്കാനെത്തിയില്ല.

അജാനൂർ പതിനാലാം വാർഡ് യു ഡി.എഫ് സ്ഥാനാർത്ഥിയുടെ പ്രചരണത്തിനു ഗ്രീൻ സ്റ്റാർ അതിഞ്ഞാൽ ജെഴ്സി പുറത്തിറക്കിയപ്പോൾ. എൻ.എ.നെല്ലിക്കുന്ന് എം.എൽ.എ എം.ബി. എം.അഷറഫിന് കൈമാറി ജെഴ്സി പ്രകാശനം ചെയ്തു

ഇന്നത്തെ സ്വർണ്ണ വില
ഗ്രാമിന്: 4690
പവന്: 37520
CITY GOLD
GOLD & DIAMONDS
THE GLOW OF PURITY
KERALA - KARNATAKA
PH : 04994 225095/220695
citygoldgroups.com

ദേലമ്പാടി മല്ലമ്പാറയിൽ സഹോദരന്മാർ അങ്കം മുറുക്കി; ചുരിക എടുത്ത് നേർക്കു നേർ

ദേലമ്പാടി:ദേലമ്പാടി പഞ്ചായത്ത് എട്ടാം വാർഡായ മല്ലമ്പാറയിൽ സഹോദരങ്ങൾ പരസ്പരം ഏറ്റുമുട്ടുന്നു.

ബി ജെ പിക്കുവേണ്ടി മല്ലമ്പാറയിലെ സതീശൻ നെച്ചിപ്പടുപ്പ് അങ്കം മുറുക്കിയപ്പോൾ ഇളയ സഹോദരൻ ബിജു എന്ന ഗോപാലകൃഷ്ണൻ ചുരികയെടുത്തു. സി പി എമ്മിനു വേണ്ടിയാണ് ഗോപാലകൃഷ്ണൻ സഹോദരനെതിരെ രംഗത്തെത്തിയത്.

സി പി എമ്മിന്റെ ശക്തികേന്ദ്രമായ ഈ വാർഡിൽ കഴിഞ്ഞ തിരഞ്ഞെടുപ്പിൽ സി പി എം സ്ഥാനാർത്ഥിക്കു 140 വോട്ടു ഭൂരിപക്ഷമുണ്ടായിരുന്നു. അഡൂർ നെച്ചിപ്പടുപ്പിലെ ടാക്സി ഡ്രൈവറാണ് സതീശൻ. ഗോപാലകൃഷ്ണ അഡൂർ വനിതാ കോ- ഓപ്പറേറ്റീവ് ബാങ്ക് ജീവനക്കാരനാണ്.

സതീശൻ

ഗോപാലകൃഷ്ണൻ

തിരഞ്ഞെടുപ്പ് ഗോദയിലേക്ക് വടംവലി കോച്ച്

കാഞ്ഞങ്ങാട്: കായിക മേഖലയിലെ മലയോരത്തിന്റെ കരുത്ത് തെളിയിക്കുന്നതിനു വടംവലി കോച്ച് തിരഞ്ഞെടുപ്പു ഗോദയിലേക്ക് ദേശീയ വടംവലി ടീമിന്റെ കോച്ചും പി സി തോമസിന്റെ ജനപക്ഷം പാർട്ടിയുടെ ജില്ലാ പ്രസിഡണ്ടു മായ ഷൈജൻ ചാക്കോയാണ് പരപ്പ ബ്ലോക്ക് ഡിവിഷൻ സ്ഥാനാർത്ഥിയായി പത്രിക സമർപ്പിച്ചത്. ഷൈൻ ചാക്കോക്ക് കെട്ടിവെക്കാനുള്ള തുക വടംവലിയിലെ ശിഷ്യർ നൽകി.

ഷൈൻ ചാക്കോക്ക് കെട്ടിവെക്കാനുള്ള തുക ശിഷ്യർ നൽകുന്നു

ജില്ലയിൽ നാലു വാർഡുകളിൽ സി പി എമ്മിന് എതിരില്ല

കാസർകോട്: നാമനിർദ്ദേശ പത്രിക സമർപ്പണം പൂർത്തിയായപ്പോൾ ജില്ലയിലെ നാലു ഗ്രാമ പഞ്ചായത്ത് വാർഡുകളിൽ സി പി എം സ്ഥാനാർത്ഥികൾക്ക് എതിരില്ല. മടിക്കൈ പഞ്ചായത്തിലെ 11, 12, 13 വാർഡുകളിലും കയ്യൂർ-ചീമേനി പഞ്ചായത്തിലെ ഒരു വാർഡിലുമാണ് സി പി എമ്മിന് എതിരില്ലാത്തത്.

കൈക്കുഞ്ഞിനെയും കൊണ്ട് യുവതി ഒളിച്ചോടി

ചെറുവത്തൂർ: 11 മാസം പ്രായമുള്ള കുഞ്ഞിനെയും കൊണ്ട് ഭർതൃമതി അയൽക്കാരനൊപ്പം ഒളിച്ചോടി. പടന്ന, തൈക്കോട്ടെ 25 കാരിയാണ് അയൽക്കാരനായ മുനീറിനൊപ്പം ഒളിച്ചോടിയത്. ഇന്നലെ രാവിലെ വീട്ടിൽ മറ്റൊരും ഇല്ലാത്ത സമയത്തായിരുന്നു സംഭവം. ചന്തേര പൊലീസ് കേസെടുത്തു.

ആനക്കൂട്ടം ജനവാസ കേന്ദ്രങ്ങളിലേക്ക്; ഭീതിയോടെ നാടും വനംവകുപ്പ് അധികൃതരും

ഇരിയണ്ണി: കാനത്തൂരിലും പരിസര പ്രദേശങ്ങളിലും ആഴ്ചകളായി ഭീതി പരത്തിക്കൊണ്ടിരുന്ന കാട്ടാനക്കൂട്ടം ജനവാസ കേന്ദ്രങ്ങളിലേയ്ക്ക്. കഴിഞ്ഞ ദിവസം പയസ്വിനി പുഴയിലൂടെ ചമ്പിലാംകൈ, മിന്നംകുളം പ്രദേശങ്ങളിൽ എത്തിയ ഏഴ് ആനകൾ ഇന്നു രാവിലെയോടെ ബേപ്പ് ഭാഗത്ത് എത്തി.

ഈ ഭാഗത്ത് ആദ്യമായാണ് ആനകൾ എത്തുന്നത്. മിന്നംകുളം, കുണിയേരി ഭാഗങ്ങളിൽ എത്തിയ ആനകൾ കൃഷിയിടങ്ങളിൽ ഇറങ്ങാതിരിക്കുവാൻ ഇന്നലെ രാത്രി മുഴുവനും നാട്ടുകാർ ഉറക്കമൊഴിഞ്ഞ് കാവലിരുന്നു. ഇതോടെയാണ് ആനക്കൂട്ടം ബേപ്പ് ഭാഗത്തേയ്ക്ക് നീങ്ങിയത്. ഇവിടെ നിന്നു ആനകളെ തുരത്താൻ ശ്രമിച്ചാൽ പുഴ കടന്ന് കരിച്ചേരി ഭാഗത്തേയ്ക്കോ, പുഴക്കരയിലൂടെ തെക്കിൽ ഭാഗങ്ങളിലോ ആനകൾ എത്താൻ സാധ്യതയുണ്ടെന്നാണ് അധികൃതർ കണക്ക് കൂട്ടുന്നത്. ഇങ്ങനെ സംഭവിച്ചാൽ സ്ഥിതിഗതികൾ കൂടുതൽ സങ്കീർണ്ണമാകും. ഇതു കണക്കിലെടുത്ത് ബേപ്പ് ഭാഗത്ത് വനംവകുപ്പു അധികൃതരും നാട്ടുകാരും ക്യാമ്പ് ചെയ്ത് ആനക്കൂട്ടത്തിന്റെ നീക്കങ്ങൾ നിരീക്ഷിച്ചു വരികയാണ്.

തിരഞ്ഞെടുപ്പ്: ജില്ലയിൽ കോവിഡ് രോഗികളുടെ എണ്ണത്തിൽ നേരിയ വർധന

കാസർകോട്:കോവിഡ് വ്യാപനത്തിൽ അഞ്ചുദിവസവും സംസ്ഥാനത്ത് ഏറ്റവും പിന്നിൽ നിന്ന കാസർകോട് ജില്ല ഇന്നലെ ഒരു ചുവടു മുന്നോട്ടു വച്ചു. ജില്ലയിൽ ഇന്നലെ 145പേർക്കു കോവിഡ് രോഗം സ്ഥിരീകരിച്ചു. വയനാടു ജില്ലയിൽ ഇന്നലെ രോഗബാധിതരുടെ എണ്ണം 114 ആയി കുറഞ്ഞു. സംസ്ഥാനത്ത് ഇന്നലെ കോവിഡ് ബാധിതർ ഏറ്റവും കുറവ് വയനാട് ജില്ലയിലാണ്.

കാസർകോട് ജില്ലയിൽ ഇന്നലെ 145 പേർക്കു രോഗം ബാധിച്ചെങ്കിലും 146 പേർ രോഗവിമുക്തരായി. 6326 പേർ നിരീക്ഷണത്തിലുള്ളത്. ഇവരിൽ 5789 പേരും സ്വന്തം വീടുകളിലാണ് നിരീക്ഷണത്തിൽ തുടരുന്നത്.

കേന്ദ്ര സർവകലാശാലയിൽ ഭാഷാ നൈപുണ്യ സെന്റർ

പെരിയ: കേന്ദ്ര സർവകലാശാലയിൽ പുതുതായി ഭാഷാ നൈപുണ്യ സെന്റർ ആരംഭിച്ചു. വിദ്യാർത്ഥികളുടെ ആശയവിനിമയ ആവശ്യങ്ങൾ ഫലപ്രദമാക്കാനും, കമ്യൂണിക്കേറ്റിവ് ഇംഗ്ലീഷ്, ഹിന്ദി, മലയാളം എന്നിവ മെച്ചപ്പെടുത്താനുമുള്ള സൗകര്യങ്ങൾ ഒരുക്കുകയുമാണ് സെന്ററിന്റെ പ്രാഥമിക ഉത്തരവാദിത്വം. കൂടാതെ, ഭാഷയുടെ ഉപയോഗവും പ്രയോഗവും അടിസ്ഥാനപ്പെടുത്തിയുള്ള മത്സരാധിഷ്ഠിത പരീക്ഷകൾക്കുള്ള പരിശീലനവും സെന്ററിന്റെ കീഴിൽ പ്രവർത്തിക്കും.

ഡോ. ജോസഫ് കോയിപ്പള്ളിയെ സെന്റർ ഡയറക്ടർ ആയും ഡോ. ബി. ഇഫ്തിക്കർ അഹമ്മദ്, ഡോ. ധർമേന്ദ്ര പ്രതാപ് സിങ്, ഡോ. ചന്ദ്രബോസ് എന്നിവരെ ജോയിന്റ് ഡയറക്ടർമാരായും വൈസ് ചാൻസിലർ പ്രൊഫ എച്ച് വെങ്കിടേശ്വരലു നിയമിച്ചു.

ആൽനടുക്കം ഫാറൂഖ് ജുമാ മസ്ജിദിന് ഭാരവാഹികൾ

ബോവിക്കാനം: ആൽനടുക്കം ഫാറൂഖ് ജുമാ മസ്ജിദ് ഭാരവാഹികളായി സയ്യിദ് സൈനുൽ ആബിദീൻ മുത്തുക്കോയ തങ്ങൾ(പ്രസി), ഇസ്മായിൽ ആൽനടുക്കം (വർ.പ്രസി),ആഷിഫ് ബെള്ളിപ്പാടി ഹനീഫ് ഹാജി ആലൂർ, അബ്ദുൽ റഹ്മാൻ ഹാജി, (വൈ.പ്രസി), അബ്ദുൽ റഹ്മാൻ (ജന.സെക്ര), അബ്ദുല്ല , റഷീദ്, ഖാലിദ് (ജോ.സെക്ര), അബ്ദുൽ കാദർ ഹാജി (ട്രഷ) എന്നിവരെ തിരഞ്ഞെടുത്തു.

ബോവിക്കാനം ഫാറൂഖ് ജുമാ മസ്ജിദ് ഭാരവാഹികളായ സൈനുദ്ദീൻ ആബിദീൻ മുത്തുക്കോയ തങ്ങൾ(പ്രസി),അബ്ദുൾ റഹ്മാൻ (ജന.സെക്ര), അബ്ദുൽ ഖാദർ ഹാജി (ട്രഷ)

ശിരിബാഗിലു സ്കൂളിലെ ഉച്ചക്കഞ്ഞി പാത്രങ്ങൾ മോഷ്ടിച്ചു

ശിരിബാഗിലു: ശിരിബാഗിലുവിലെ വെൽഫെയർ എൽ പി സ്കൂളിന്റെ ഉച്ചക്കഞ്ഞിപ്പാത്രങ്ങൾ മോഷ്ടിച്ചു.കഞ്ഞിപ്പുരയുടെ പൂട്ടുപൊളിച്ച മോഷ്ടാക്കൾ പാത്രങ്ങളും ഗ്രൈന്ററും മോഷ്ടിച്ചുവെന്നു ഹെഡ്മിസ്ട്രസ് പൊലീസിനോടു പരാതിപ്പെട്ടു. പൊലീസ് അന്വേഷണമാരംഭിച്ചു.

കാഞ്ഞങ്ങാട്ട് നടന്ന ഇന്ദിരാഗാന്ധി ജന്മദിനാഘോഷം

ഇന്ദിരാഗാന്ധി ജന്മദിനാഘോഷം

കാസർകോട്: മുൻ പ്രധാനമന്ത്രിയും കോൺഗ്രസ് നേതാവുമായിരുന്ന ഇന്ദിരാഗാന്ധിയുടെ നൂറ്റിമൂന്നാമത് ജന്മദിനം ഡിസിസി ഓഫീസിൽ ആഘോഷിച്ചു. കെപിസിസി ജനറൽ സെക്രട്ടറി ജി. രതികുമാർ ഉദ്ഘാടനം ചെയ്തു.ഡിസിസി പ്രസിഡന്റ് ഹക്കീം കുന്നിൽ ആധ്യക്ഷം വഹിച്ചു. സി.കെ.ശ്രീധരൻ, കെ.നീലകണ്ഠൻ, ബാലകൃഷ്ണൻ പെരിയ, എ ഗോവിന്ദൻ നായർ, പി.എ.അഷ്റഫലി, കെ.കെ.രാജേന്ദ്രൻ, ഗീത കൃഷ്ണൻ, ധന്യ സുരേഷ്, പി. വി. സുരേഷ്, ഹർഷദ് വോർക്കാടി, ഗോവിന്ദ നായിക്ക്, കമലക്ഷി.കെ, ഷാജി, ശാന്ത.ആർ.നായിക്ക്, കെ.ഖാലിദ്, എ.വാസുദേവൻ, കെ.വി. ഭക്തവത്സലൻ, അർജുനൻ, സി.ശിവശങ്കരൻ, ഉമേഷ്, പി. കെ.വിജയൻ സംബന്ധിച്ചു.

കാഞ്ഞങ്ങാട്: മുൻ പ്രധാനമന്തിയും കോൺഗ്രസ് നേതാവുമായ ഇന്ദിരാഗാന്ധിയുടെ 103-ാം ജന്മദിനം കാഞ്ഞങ്ങാട് മണ്ഡലം കോൺഗ്രസ് ആഘോഷിച്ചു. മണ്ഡലം പ്രസിഡണ്ട് കെ.പി.ബാലകൃഷ്ണൻ ആദ്ധ്യക്ഷം വഹിച്ചു. ബ്ലോക്ക് പ്രസിഡണ്ട് ഡി.വി. ബാലകൃഷ്ണൻ ഉൽഘാടനം ചെയ്തു. വി.ഗോവി, എൻ. കെ.രത്നാകരൻ, കെ.പി.മോഹനൻ, പ്രവീൺ, വിനോദ്, ബനീഷ് രാജ്, ബീനീഷ് പ്രസംഗിച്ചു.

തിരഞ്ഞെടുപ്പിനു വാഗ്ദാനം നൽകാൻ ഇട്ടിരുന്ന റോഡ് സ്ഥാനാർത്ഥികൾക്കു വിനയാവുന്നു

ടാറിംഗിനു പണമനുവദിച്ചിട്ടും പണി തുടങ്ങാത്ത നെക്രാജെ അമേയ് റോഡ്.

നെക്രാജെ: ഗ്രാമ പഞ്ചായത്ത് ഫണ്ട് അനുവദിച്ചിട്ടും റോഡ് നന്നാക്കിയില്ലെന്നു പരാതി. ചെങ്കള ഗ്രാമ പഞ്ചായത്തിലെ നാലാം വാർഡിൽപ്പെടുന്ന നെക്രാജെ-അമേയ് റോഡാണ് തകർന്നു കിടക്കുന്നത് പരിസരവാസികൾ വോട്ടഭ്യർത്ഥനയുമായെത്തുന്ന സ്ഥാനാർത്ഥികളോടും രാഷ്ട്രീയക്കാരോടും ഇതെന്തേ ഇങ്ങനെയെന്നു ചോദിക്കുന്നു.

നെക്രാജെയിൽ നിന്നും മാവിനക്കട്ടെ പിലാങ്കട്ട ഭാഗത്തേക്ക് പോകുന്ന റോഡിലെ ഭാഗങ്ങൾ കുഴികളായി ഗതാഗതതടസ്സമുണ്ടാക്കുന്നു. നെക്രാജെയിൽ നിന്നു അമേയ് തറവാട് വരെയും തറവാട് കഴിഞ്ഞ് മുന്നോട്ടും റോഡ് നേരത്തെ നന്നാക്കിയിരുന്നു. തറവാട് പരിസരത്തെ 350 മീറ്ററാണ് കുണ്ടും കുഴിയും നിറഞ്ഞുകിടക്കുന്നത്. നാട്ടുകാരുടെ നിരന്തരമായ സമ്മർദ്ദത്തെ തുടർന്നു 2019-20 ഈ റോഡ് കോൺക്രീറ്റ് 6 ലക്ഷം രൂപ അനുവദിച്ചിരുന്നു. റോഡ് കോൺക്രീറ്റ് ചെയ്യാൻ ചെയ്യാനായി ഒരു കരാറുകാരൻ ഒരു ലോഡ് ജല്ലി ഇറക്കുകയും ചെയ്തു. അതിന് ശേഷം കരാറുകാരനെ കണ്ടിട്ടില്ല. അധികൃതർ അയാളെക്കുറിച്ചോ പണിയെക്കുറിച്ചോ അന്വേഷിച്ചിട്ടുമില്ലെന്നു നാട്ടുകാർ പറയുന്നു.

സി പി എം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനാർത്ഥിക്ക് എതിരെ വിവാദം: പത്രിക തള്ളണമെന്ന് പരാതി

കാസർകോട്: സി പി എമ്മിന്റെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനാർത്ഥി ബേബി ബാലകൃഷ്ണന്റെ സ്ഥാനാർത്ഥിത്വത്തിനെതിരെയു ഡി എഫ് നിയമ നടപടിക്കൊരുങ്ങുന്നു.റിട്ടേണിംഗ് ഓഫീസർക്കും ഇലക്ഷൻ കമ്മീഷനും കോടതിയിലും പരാതി നൽകുമെന്ന് കെ പി സി സി എക്സിക്യൂട്ടീവ് അംഗം എ ഗോവിന്ദൻ നായർ അറിയിച്ചു. മടിക്കൈ ജില്ലാ പഞ്ചായത്ത് ഡിവിഷനിൽ പത്രിക സമർപ്പിച്ച ബേബി ബാലകൃഷ്ണൻ ജുവനൈൽ ജസ്റ്റിസ് ബോർഡ് അംഗമായിരുന്നുവെന്നും നിയമമനുസരിച്ച് നാമ നിർദ്ദേശ പത്രിക സമർപ്പിക്കുന്നതിന് ഒരു മാസം മുമ്പ് അംഗത്വം രാജിവെക്കേണ്ടതായിരുന്നുവെന്നും ഗോവിന്ദൻ നായർ പറഞ്ഞു. ബേബി ബാലകൃഷ്ണൻ 16നു രാജിക്കത്തു കൊടുത്തു. ഈ രാജി അംഗീകരിച്ചത് 19നാണെന്നും എന്നാൽ 18ന് അവർ ജില്ലാ പഞ്ചായത്ത് തെരഞ്ഞെടുപ്പിനു പത്രിക നൽകിയെന്നും അദ്ദേഹം പറഞ്ഞു.

ഇന്ദിരാഗാന്ധിയുടെ 103-ാം ജന്മദിനം ഡി സി സി ഓഫീസിൽ ആഘോഷിച്ചപ്പോൾ

ഉടൻ ആവശ്യമുണ്ട്

മേൽപറമ്പിൽ നല്ലനിലയിൽ പ്രവർത്തിക്കുന്ന പ്രശസ്ത ടെയ്ലറിംഗ് സ്ഥാപനത്തിൽ അക്കൗണ്ടിംഗിലും കമ്പ്യൂട്ടറിലും പരിചയമുള്ള വനിതാ സ്റ്റാഫിനെ ആവശ്യമുണ്ട്. ഇടപാടുകാരുമായി സൗഹൃദമായി ഇടപെടാനും മലയാളത്തിൽ അനായാസമായി എഴുത്തു കുത്തുകൾ നടത്താനും കഴിവുള്ളവരുമായിരിക്കണം. ഇതേ മേഖലയിൽ തൊഴിൽ പരിചയമുള്ളവർക്ക് മുൻഗണന.

ഇസ്തിരിയും ഫിനിഷിംഗും ചെയ്യുന്നവരെയും ആവശ്യമുണ്ട്.

ബന്ധപ്പെടുക
9400935247, 9495692835

ജൽജീവൻ മിഷൻ പദ്ധതി നടത്തിപ്പിലെ അനിശ്ചിതത്വം അവസാനിപ്പിക്കണമെന്ന്

കാസർകോട്: കേരളത്തിലെ മുഴുവൻ കുടുംബങ്ങൾക്കും പൈപ്പ് വഴി കുടിവെള്ളം എത്തിക്കുവാനുള്ള കേന്ദ്ര സർക്കാർ പദ്ധതി നടത്തിപ്പിൽ കേരള സർക്കാർ കാണിക്കുന്ന അനിശ്ചിതാവസ്ഥ അവസാനിപ്പിക്കണമെന്ന് കേരള വാട്ടർ അതോറിറ്റി സ്റ്റാഫ് അസോസിയേഷൻ ആവശ്യപ്പെട്ടു.

2024 ൽ പൂർത്തീകരിക്കേണ്ട പദ്ധതി നടത്തിപ്പ് മറ്റ് സംസ്ഥാനങ്ങളിൽ ഒരു വർഷം പിന്നിട്ടപ്പോൾ സംസ്ഥാന സർക്കാരിന്റെ അലംഭാവം മൂലം സംസ്ഥാനം ഒരു വർഷം പിന്നിലായിരിക്കുകയാണെന്നു യോഗം ആരോപിച്ചു.

അവസാന നിമിഷം വളരെ ധൃതി പിടിച്ച് അശാസ്ത്രീയമായ രീതിയിൽ പദ്ധതി നടപ്പിലാക്കുമ്പോൾ ജനങ്ങൾക്ക് ഉപകാരപ്പെടാതിരിക്കുകയും, ജീവനക്കാർക്കു മേൽ ഇരട്ടി ഭാരവും അടിച്ചേൽപ്പിക്കുകയുമാണ്. ഗുണഭോക്തൃവിഹിതവും തദ്ദേശ സ്ഥാപനങ്ങളുടെ വിഹിതവും അടക്കുന്നതിലെ അനിശ്ചിതാവസ്ഥയും കേരള ജല അതോറിറ്റിക്ക് മേൽ അധിക സാമ്പത്തിക ഭാരമേൽപ്പിക്കുകയാണ്. കണക്ഷൻ കൊടുക്കുവാനായി ഗുണനിലവാരമില്ലാത്ത പൈപ്പുകൾ പലയിടത്തും ഉപയോഗിക്കുമ്പോൾ പദ്ധതി നിർവ്വഹണം പാളിപ്പോകുമെന്നും കുടിവെള്ളം പാഴായിപ്പോകാനിടയുണ്ടെന്നും തിരിച്ചറിഞ്ഞ് പ്രവർത്തിക്കാൻ മാനേജ്മെൻറ് തയ്യാറാകണമെന്നും സ്റ്റാഫ് അസോസിയേഷൻ ഓർമ്മിപ്പിച്ചു. പ്രഭാകരൻ കരിച്ചേരി ഉദ്ഘാടനം ചെയ്തു. വിനോദ്, വിനോദ് കുമാർ, കെ വി വേണുഗോപാലൻ, കെ വി രമേശൻ, കെ പി താരേഷ്, സി കെ അനിതാകുമാരി, വി പത്മനാഭൻ, പി ആർ സുരേഷ്, വി മണികണ്ഠൻ പ്രസംഗിച്ചു.

ജൽജീവൻ പദ്ധതി നടത്തിപ്പിലെ അനിശ്ചിതത്വത്തിനെതിരെ വാട്ടർ അതോറിറ്റി സ്റ്റാഫ് അസോസിയേഷൻ നടത്തിയ പ്രതിഷേധം

സായാഹ്ന യോഗം ചേർന്നു

കാസർകോട്: സംസ്ഥാന ജീവനക്കാരും അധ്യാപകരും 26ന് നടത്തുന്ന ദേശീയ പണിമുടക്കിനു മുന്നോടിയായി സമരസമിതി മുനിസിപ്പൽ സായാഹ്ന യോഗം സംഘടിപ്പിച്ചു. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് പുതിയ ബസ്സ്റ്റാൻഡ് പരിസരത്തു നടന്ന യോഗം കെ രാഘവൻ ഉദ്ഘാടനം ചെയ്തു. ശോഭ വി, സതീശൻ കെ, സി ശാന്തകുമാരി, മാത്യു കെ ജെ, കെ ജി പ്രതീഷ് പ്രസംഗിച്ചു.

Vol -27, Issue No -225 Edited, Printed and Published by S.Raju at Karaval Daily for Mother Graphics, B-3 Industrial Estates, Vidyanagar, Kasaragod, 671123, Kerala, News: **256225, Office: 256751, 255322, Circulation: 255725, Res:223237** P.B No: 26, E-Mail: karavaldaily@hotmail.com